## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.84 — 06.01.2014 ൽ മറുപടിയ്ക്ക്

### പശ്ചിമഘട്ട ഉന്നതതല സമിതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഡോ.കസ്തൂരിരംഗൻ ചെയർമാനായ പശ്ചിമഘട്ട ഉന്നതതല സമിതിയെ (എച്ച്.എൽ.ഡബ്ല്യൂ.ജി) നിയോഗിച്ചു കൊണ്ടുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിജ്ഞാപനം പുറപ്പെടുവിച്ചതെന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 17.08.2012 ൽ. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) എച്ച്.എൽ.ഡബ്ല്യൂ.ജി..യുടെ പരിഗണനാവിഷയങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) | മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) ഈ പരിഗണനാവിഷയങ്ങളുടെ അടിസ്ഥാനത്തിൽ കസ്തൂരിരംഗൻ സമിതി സംസ്ഥാനത്ത് ഏതെല്ലാം ദിവസങ്ങളിൽ ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി; ഏതെല്ലാം വിഭാഗങ്ങളുടെ അഭിപ്രായ നിർദ്ദേശങ്ങൾ കേൾക്കുകയുണ്ടായി; | (സി) | (i) 18.01.2013, 19.01.2013 തീയതികളിൽ സംസ്ഥാനം സന്ദർശിച്ച കസ്തൂരിരംഗൻ സമിതി മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാർ, ഗവൺമെന്റ് സെക്രട്ടറിമാർ, രാഷ്ട്രീയ പാർട്ടികൾ, വിവിധ വകുപ്പ് പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായി. 18.01.2013 ൽ ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി പ്രദേശം സന്ദർശിച്ചു.<br>(ii) 2013 ഏപ്രിൽ 8,9 തീയതി കളിൽ ഇടുക്കി, വയനാട് ജില്ല കൾ സന്ദർശിച്ചു. |
| (ഡി) കസ്തൂരിരംഗൻ സമിതിയ്ക്ക് സർക്കാർ നൽകിയ മെമ്മോറാണ്ടത്തിന്റെ പകർപ്പു ലഭ്യമാക്കുമോ; എന്നാണ് മെമ്മോറാണ്ടം നൽകിയതെന്നും വ്യക്തമാക്കുമോ; | (ഡി) | ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് 20.12.2012 ന് നിയമസഭ ചർച്ച ചെയ്ത വേളയിൽ അച്ചടിച്ച മെമ്മോറാണ്ടം എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ലഭ്യമാക്കിയിരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഇതിന്റെ അടിസ്ഥാനത്തിൽ കസ്തൂരിരംഗൻ സമിതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നു വ്യക്തമാക്കുമോ; | (ഇ) | 15.04.2013 ൽ. |
| (എഫ്) | പ്രസ്തുത റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുള്ള നിയന്ത്രണ നടപടികൾ സ്വീകരിക്കണമെന്നാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സംസ്ഥാന ഗവൺമെന്റിനോടാവശ്യപ്പെട്ടതെന്നു വ്യക്തമാക്കുമോ; | (എഫ്) | പരിസ്ഥിതിലോല പ്രദേശങ്ങളിൽ താഴെ പറയുന്ന പ്രവൃത്തികൾ കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുണ്ട്.<br>(1) ഖനനം, പാറഖനനം, മണൽ ഖനനം<br>(2) താപവൈദ്യുത നിലയങ്ങൾ<br>(3) 20,000 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടവും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും.<br>(4) 50 ഹെക്ടറിന് മുകളിലുള്ള/1,50,000 ചതുരശ്ര മീറ്ററിന് മുകളിൽ നിർമ്മിത വിസ്തൃതിയുള്ള ടൗൺഷിപ്പും ഭൂവികസന പ്രവർത്തനങ്ങളും.<br>(5) 'ചുവന്ന' വിഭാഗത്തിലുൾപ്പെട്ട വ്യവസായങ്ങൾ വിൻഡ് എനർജി/ ഹൈഡ്രോപവർ എന്നിവ നിയന്ത്രണങ്ങളോടെ അനുവദനീയമാണ്. |
| (ജി) | ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അയച്ച കത്തുകളുടെയും അവയ്ക്കു സംസ്ഥാന ഗവൺമെന്റ് നൽകിയ മറുപടി കത്തുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (ജി) | ഇക്കാര്യത്തിൽ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടങ്ങളുടെയും, അവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ അയച്ച കത്തുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (എച്ച്) | കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നവംബർ 16-ലെ വിജ്ഞാപനത്തിനു മുമ്പായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചതുപ്രകാരം സംസ്ഥാനത്ത് എന്തെല്ലാം ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | (എച്ച്) | ഇത്തരത്തിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**